**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ ഗഡു ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് – നീട്ടിവെച്ച കൊണ്ട്– ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (അനോമലി റെക്ടിഫിക്കേഷൻ സെൽ) വകുപ്പ്**

**സ.ഉ(അ) നം. 31/2023/ധന തിരുവനന്തപുരം, തീയതി, 30.03.2023**

---

പരാമർശം – 1. സ.ഉ (അ) നം.27/2021/ധന. തീയതി 10.02.2021
2. സ.ഉ (അ) നം.42/2021/ധന. തീയതി 26.02.2021
3. സ.ഉ (അ) നം.21/2022/ധന. തീയതി 18.02.2022

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും, സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ ജീവനക്കാരുടേയും ശമ്പള സ്കെയിലുകൾ 01.07.2019 പ്രാബല്യത്തിൽ പരിഷ്കരിച്ചു കൊണ്ട് പരാമർശം (1) മുതൽ (3) വരെ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവുകളിൽ പരാമർശം (1) ഖണ്ഡിക 43, പരാമർശം (3) ഖണ്ഡിക 34 എന്നിവ പ്രകാരം 01.07.2019 മുതൽ 28.02.2021 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക 4 ഗഡുക്കളായി 25% വീതം 01.04.2023, 01.10.2023, 01.04.2024, 01.10.2024 തീയതികളിലായി ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു.

**2)** പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായിട്ടുള്ള കുടിശ്ശിക തുകയുടെ ആദ്യ ഗഡുവായ 25% തുക ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ 01.04.2023 തീയതിയിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം പുനഃപരിശോധിക്കുകയും കുടിശ്ശികയുടെ ആദ്യ ഗഡു 01.04.2023 തീയതിയിൽ അനുവദിക്കുന്നതിലൂടെ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക

സ്ഥിതിയെ കൂടുതൽ പ്രതിസന്ധിയിലാക്കും എന്ന് വിലയിരുത്തുകയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ആദ്യ ഗഡു 01.04.2023 ന് ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത്, ഇത് സംബന്ധിച്ച് ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ, നീട്ടിവെച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3)** ഈ ഉത്തരവ് പരാമർശം (1), (3) ഉത്തരവുകൾ പ്രകാരം ശമ്പളം പരിഷ്കരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ബിശ്വനാഥ് സിൻഹ**

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ് :- 1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം.
3) സെക്രട്ടേറിയറ്റിലെ പൊതുഭരണം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും എല്ലാ സെക്ഷനുകൾക്കും
4) എല്ലാ വകുപ്പുകൾക്കും വകുപ്പുതലവൻമാർക്കും.
5) സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
6) രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
7) അഡ്വക്കേറ്റ് ജനറൽ, എറണാകുളം
8) എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറി/ അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
9) ഗവർണറുടെ സെക്രട്ടറി.
10) മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
11) പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
12) ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
13) ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി.
14) ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ ഡെപ്യൂട്ടി സെക്രട്ടറി
15) എല്ലാ സർവ്വകലാശാലകളുടേയും രജിസ്ട്രാർമാർക്ക്.
16) ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

17) എല്ലാ ജില്ലാ ട്രഷറികൾക്കും സബ് ട്രഷറികൾക്കും.
18) നോഡൽ ഓഫീസർ, www.finance.kerala.gov.in, ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
19) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
20) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി **(E-2348653)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ